**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*735**      **07.11.2016 ൽ മറുപടിയ്ക്ക്**

## നാളികേരത്തിന്റെ വിലയിടിവ് പരിഹരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ. കെ. ദാസൻ<br>ശ്രീ. കെ. ആൻസലൻ | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) നാളികേരത്തിന്റെ വിലയിടിവ് മൂലം നാൽപത് ലക്ഷത്തിലധികം വരുന്ന കേര കർഷകർക്കുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനായി സത്വര ഇടപെടലുണ്ടാകുമോ; ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും സഹായം നേടിയെടുക്കാൻ ശ്രമമുണ്ടാകുമോ; | (എ) നാളികേരത്തിന്റെ വിലസ്ഥിരത ഉറപ്പാക്കുന്നതിനായി താങ്ങുവില നിശ്ചയിച്ച് പച്ചത്തേങ്ങ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 388 കൃഷി ഭവനുകൾ മുഖേന കിലോയ്ക്ക് 25 രൂപ നിരക്കിൽ കേരഫെഡിന്റെ സഹായത്തോടെ കർഷകരിൽ നിന്ന് നേരിട്ട് സംഭരിച്ചു വരുന്നു. 27 രൂപയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൊപ്ര സംഭരണം സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിർദ്ദേശം സമർപ്പിക്കുകയും കൊപ്ര നാഫെഡ് വഴി സംഭരിക്കുന്നതിന് അംഗീകാരം ലഭിക്കുകയും ഉണ്ടായി. ഇതിനായി സംസ്ഥാനതല ഏജൻസികളായി കേര ഫെഡിനേയും മാർക്കറ്റ് ഫെഡിനേയും നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) വിവിധ സ്ഥലങ്ങളിൽ ഈ വർഷം തന്നെ സ്ഥാപിക്കുമെന്നു പ്രഖ്യാപിച്ചിട്ടുള്ള നാളികേര അഗ്രോ പാർക്കുകൾ നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കാൻ ലക്ഷ്യമിടുന്നുണ്ടോ;<br>(സി) ഇവയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ? | (ബി) & (സി) മൂല്യ വർദ്ധിത കാർഷികോല്പന്നങ്ങൾക്ക് വേണ്ടിയുള്ള അഗ്രോ പാർക്കുകളുടെ ശൃംഖല സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്. നടപ്പ വർഷം തന്നെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതു സംബന്ധിച്ച പ്രാരംഭ ചർച്ചകൾ നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**